## പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ, പീരുമേട്

എ4-2509/15

തീയതി 09.03.2017

### ദർഘാസ് / ലേലപരസ്യം

പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷനിൽ ഉപയോഗത്തിലിരുന്നതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ സർക്കാർ വാഹനം ലേലം കൊള്ളുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പൂരിപ്പിച്ചതും മുദ്രവച്ചതുമായ ദർഘാസുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം 2017 ഏപ്രിൽ മാസം 25-ാം തീയതി പകൽ 3 മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം പകൽ 3.30 ന് അപ്പോൾ ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ ഡെപ്യൂട്ടി ഡയറക്ടറോ (പെരിയാർ വെസ്റ്റ് ഡിവിഷൻ) അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ ഡിവിഷൻ ആഫീസിൽ വച്ച് വാഹനം പരസ്യമായി ലേലം ചെയ്യുന്നതും തുടർന്ന് ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. 25.04.2017 ൽ ലേലം നടക്കാതെ വന്നാൽ 27.04.2017 ന് ലേലം നിശ്ചിത സ്ഥലത്തും സമയത്തും വച്ച് നടത്തപ്പെടുന്നതായിരിക്കും. ദർഘാസ് ഫോറങ്ങൾ ദർഘാസ് ദിവസം പകൽ 1 മണി വരെ നിശ്ചിത വിലയും നികുതിയും അടച്ചാൽ ഈ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പെരിയാർ വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ ആഫീസ് സമയങ്ങളിൽ അന്വേഷിക്കേണ്ടതാണ്. ദർഘാസ് ദിവസം പൊതു അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.

### പട്ടിക

| | |
|---|---|
| വാഹനത്തിന്റെ വിവരം | :മഹീന്ദ്രാ ബൊലേറോ ജീപ്പ്, നം. KL-01-AX- 8457, 2010 മോഡൽ. |
| വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം | : പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കോമ്പൗണ്ട് എഴുകുമൺ. |
| ദർഘാസ് ഫോറത്തിന്റെ വില | : RS. 500+VAT |
| നിരതദ്രവ്യം | : RS. 3200/- |

പീരുമേട്
09.03.2017

OFFICE OF THE DEPUTY DIRECTOR
PEERMADE
PERIYAR TIGER RESERVE WEST DIVISION

ഡെപ്യൂട്ടി ഡയറക്ടർ
പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ, പീരുമേട്.
(കേരളാ ഗവർണ്ണർക്കു വേണ്ടി)

\\Pc1\f\PTR\A4\2015\A4-2509-15 m.doc

## നിബന്ധനകൾ

1. താൽപര്യമുള്ളവർക്ക് പട്ടികയിൽ പറയുന്ന സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്ന വാഹനം ബന്ധപ്പെട്ട ആഫീസറുടെ അനുവാദത്തോടെ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടുത്താവുന്നതാണ്. ലേലത്തിന് ശേഷം ഗുണനിലവാരം സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.
2. ദർഘാസുകൾ ആവശ്യമുള്ളവർക്ക് അവരെ തിരിച്ചറിയുന്നതിന് തിരഞ്ഞെടുപ്പു കമ്മീഷനോ ബന്ധപ്പെട്ട വില്ലേജ് ആഫീസറോ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് / സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കേണ്ടതാണ്.
3. ദർഘാസിനോടൊപ്പം നിശ്ചിത നിരതദ്രവ്യം ഈ ആഫീസിൽ ഒടുക്കേണ്ടതാണ്.
4. ലേലം / ദർഘാസിൽ പരിഗണിക്കപ്പെടാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ നൽകുന്നതാണ്.
5. കൂടുതൽ തുകയ്ക്കുള്ള ദർഘാസുകൾ ആവശ്യമുണ്ടെങ്കിൽ മേലധികാരത്തിലേയ്ക്ക് അയക്കുന്നതും മറ്റു ദർഘാസുകൾ നൽകിയ നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ നൽകുന്നതാണ്.
6. ദർഘാസ് സംഖ്യ നിരതദ്രവ്യത്തിനെക്കാൾ കൂടുതൽ ആണെങ്കിൽ ദർഘാസ് സംഖ്യയുടെ 50% (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്. ദർഘാസ് സംഖ്യ നിരതദ്രവ്യത്തിനെക്കാൾ കുറവാണെങ്കിൽ കൂടുതൽ അടച്ച തുക വിജയിയായ ദർഘാസുകാരന് ദർഘാസ് തുറക്കുന്ന ദിവസം തന്നെ തിരികെ നൽകേണ്ടതാണ്. ലേലം / ദർഘാസ് തുക 10,000/-രൂപായിൽ കുറവാണ് എങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ ഒടുക്കണം.
7. ദർഘാസുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരത്തിന് വിധേയമായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
8. ദർഘാസുകൾ അംഗീകരിച്ചതായി അറിയിപ്പു കിട്ടി 15 ദിവസത്തിനകം ബാക്കി സംഖ്യയും നിയമപ്രകാരമുള്ള നികുതികളും അടച്ച് വാഹനം നീക്കം ചെയ്യേണ്ടതാണ്.
9. 15 ദിവസത്തിനുള്ളിൽ ബാക്കി സംഖ്യയും നികുതികളും അടച്ച് നീക്കം ചെയ്തില്ലെങ്കിൽ ദർഘാസുകാരൻ ആവശ്യപ്പെടുന്ന പക്ഷം മറ്റൊരു 15 ദിവസംകൂടി സംഖ്യയ്ക്ക് 12% പലിശയും ദിവസം 20 രൂപാനിരക്കിൽ ഇരുപ്പു വാടകയും വസൂലാക്കി അനുവദിക്കുന്നതായിരിക്കും. ഇതിനു ശേഷം കാലാവധി നീട്ടി അവദിക്കുന്നതല്ല. ഇപ്രകാരം വീഴ്ച്ച വരുത്തിയ ദർഘാസുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേലത്തിലോ ടെണ്ടർ അടിസ്ഥാനത്തിലോ പുനർ വിൽപ്പന നടത്തുന്നതും ആയതിൽ ഉണ്ടാകുന്ന നഷ്ടം അടച്ച തുകയും ശേഷമുള്ളതു നിയമാനുസൃതം വീഴ്ചവരുത്തിയ ദർഘാസുകാരിൽ നിന്നും ഈടാക്കുകയും ചെയ്യുന്നതാണ്.
10. ദർഘാസ് പൂരിപ്പിച്ച് നൽകിയവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമുള്ളു.

പെരിയാർ ടൈഗർ റിസർവ്വ്
വെസ്റ്റ് ഡിവിഷൻ പീരുമേട്.

OFFICE OF THE DEPUTY DIRECTOR
PERIYAR TIGER RESERVE WEST DIVISION
PEERMADE

ഡെപ്യൂട്ടി ഡയറക്ടർ,
പെരിയാർ വെസ്റ്റ് ഡിവിഷൻ
പീരുമേട്
(കേരളാ ഗവർണർക്കുവേണ്ടി)

\\Pc1\f\PTR\A4\2015\A4-2509-15 m.doc